പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3784 15.12.2014 ലെ മറുപടിക്ക്

# ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണം

| ചോദ്യം<br>**ശ്രീ. ജി.എസ്. ജയലാൽ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** പോലീസ് വകുപ്പിൽ ജില്ലാ ക്രൈം ബ്രാഞ്ച് രൂപീകരിക്കണമെന്ന തീരുമാനം കൈക്കൊണ്ട് GO (MS) No. 124/14 dt. 17/6/14 പ്രകാരം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ ആയത് ഏതു വിധത്തിൽ പ്രായോഗികമാക്കുവാനാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;<br>**ബി)** പ്രസ്തുത ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ബ്രാഞ്ചിലെ ഓരോ യൂണിറ്റിലും രണ്ട് സർക്കിൾ ഇൻസ്പെക്ടർമാരെ കൂടി നിയമിക്കുന്നതിന് തീരുമാനിച്ചുവോ; ജില്ലാ ക്രൈം ഡിറ്റാച്ചുമെന്റിൽ സർക്കിൾ ഇൻസ്പെക്ടർമാരുടെ അനുവദനീയ തസ്തിക നിലവിലുണ്ടോ; ഇല്ലായെങ്കിൽ ഈ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ എങ്ങനെ നിയമിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;<br>**സി)** സംസ്ഥാന പോലീസിലെ സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ പുനർവിന്യാസം നടത്തി ഒഴിവുകൾ പരിഹരിച്ച് ജില്ലാ ക്രൈം ബ്രാഞ്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നുവോ; അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | **(എ)** യും **(ബി)** യും **(സി)** യും **(ഡി)** യും<br>17.06.2014 ലെ GO(Ms)No.124/14/Home ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. ക്രൈംബ്രാഞ്ച് (സി.ബി.സി.ഐ.ഡി) വിഭാഗത്തിന്റെ അന്വേഷണ ഭാരം കുറയ്ക്കുക, ജില്ലാ തലത്തിൽ തന്നെ സെൻസേഷണൽ കേസുകളുടെ അന്വേഷണം ഫലപ്രദമായി നടത്തുക എന്നീ ലക്ഷ്യങ്ങളാണ് ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. അന്വേഷണ വൈദഗ്ദ്ധ്യമുള്ള പോലീസുദ്യോഗസ്ഥരെ പുനർവിന്യാസം മുഖേന ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ നിയമിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ |

| | |
|---|---|
| **ഡി)** പുനർവിന്യാസം മുഖേന സർക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവ് നികത്തി പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുവാൻ തയ്യാറാകുമോ; | ക്രൈംബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്) 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് 14 സീനിയർ സിവിൽ പോലീസ് ഓഫീസർ. 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാ എന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി മാർ, റേഞ്ച് ഐ.ജി. മാർ, **ജില്ലാ പോലീസ് മേധാവിമാർ** എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈം ബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്. |
| **ഇ)** സർക്കിൾ ഇൻസ്പെക്ടർമാരുടെ പുനർവിന്യാസം മൂലം ജീവനക്കാരെ കണ്ടെത്തുവാൻ കഴിയാത്ത പക്ഷം സംസ്ഥാന പോലീസ് സേനയിലെ ഹയർ ഗ്രേഡ് സബ്ബ് ഇൻസ്പെക്ടർമാരുടെ 38 തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സ്ഥാനക്കയറ്റം നൽകി പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ; ഇത്തരത്തിൽ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നത് മൂലം ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകില്ലെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചുവോ; | **(ഇ)** ഇപ്പോൾ പരിഗണനയിലില്ല. |
| **എഫ്)** എത്രയും വേഗം ജില്ലാ ക്രൈം ബ്രാഞ്ച് രൂപീകരിക്കണമെന്ന ഗവൺമെന്റ് തീരുമാനം പ്രാവർത്തികമാക്കുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ? | **(എഫ്)** ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**